ഇൻഫർമേഷൻ -
പബ്ളിക് റിലേഷൻസ് വകുപ്പ്
പ്രസിദ്ധീകരണം

# വികസന സമന്വയം
ന്യൂസ്‌ലെറ്റർ

പുസ്തകം 4 | ലക്കം 4 | ജൂലൈ 2006

അകംപേജുകളിൽ

2  കവർച്ചകൾ തടയാൻ കർശന നടപടി

3  ജനനീതിയുടെ രേഖാചിത്രം ബജറ്റ് 2006-07

6  അമലും അമൃതയും ഇനി സർക്കാരിന്റെ മക്കൾ

8  വളർച്ചയുടെ ഹേതു വായന

## അഞ്ച് ഇടങ്ങളിൽ ഐ.ടി. പാർക്കുകൾ, അഞ്ച് വർഷം കൊണ്ട് രണ്ട് ലക്ഷം പേർക്ക് തൊഴിൽ

മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ



സ്വകാര്യ പങ്കാളിത്തത്തോടെ കോഴിക്കോട്, കണ്ണൂർ, പാലക്കാട്, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ഐ.ടി. പാർക്കുകൾ വികസിപ്പിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടെന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിയമസഭയിൽ അറിയിച്ചു. ഐ.ടി. മേഖലയിൽ അഞ്ച് വർഷം കൊണ്ട് രണ്ട് ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ഈ സർക്കാർ വന്നശേഷം തിരുവനന്തപുരം ടെക്നോപാർക്കിൽ 10 കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. ഈ കമ്പനികളിലായി 60 പേർക്ക് തൊഴിൽ ലഭിച്ചു. രണ്ട് കോടിയുടെ നിക്ഷേപം ഈ കമ്പനികൾ നടത്തിയിട്ടുണ്ട്. വിപ്രോ, ഇൻഫോസിസ്, പട്നി കംപ്യൂട്ടേഴ്സ്, സതർലാൻഡ് ഗ്ലോബൽ സർവീസസ്, കോഗ്നിസന്റ് ടെക്നോളജീസ് തുടങ്ങിയ കമ്പനികളും ഐ.ടി. അടിസ്ഥാനസൗകര്യ നിർമാതാക്കളായ ലാർസൺ ആന്റ് ടൂബ്രോ, ലീലാ ഗ്രൂപ്പ്, രഹേജാസ് എന്നിവരും നിക്ഷേപം നടത്താൻ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

## ബജറ്റ് 2006-2007 ജനനീതിയുടെ രേഖാചിത്രം

അച്യുതാനന്ദൻ മന്ത്രിസഭയുടെ കന്നി ബജറ്റ് ധനമന്ത്രി ഡോ.തോമസ് ഐസക് നിയമസഭയിൽ അവതരിപ്പിച്ചു. നാടിന്റെ നട്ടെല്ലായ കർഷകരെ ദുരിതാവസ്ഥയിൽ നിന്ന് കരകയറ്റാനുള്ള സംവിധാനങ്ങളും പരമ്പരാഗത വ്യവസായമേഖലയെ പുനർജീവിപ്പിക്കാനുള്ള പദ്ധതികളും പൊതുമേഖലയെ സംരക്ഷിച്ചുകൊണ്ടുള്ള വ്യാവസായിക വികസന നിർദേശവുമൊക്കെ നാടിന്റെ തുടിപ്പുകൾ അറിഞ്ഞുള്ളതാണ്. ദുർബല വിഭാഗത്തിന് മേൽ അമിതഭാരമേല്പിക്കാതെയും ആഡംബരനികുതികൾ ചുമത്തിയും ആഡംബരനികുതിയിൽ നിന്നുള്ള അധിക വരുമാനം പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ള അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് നീക്കിവയ്ക്കാൻ തീരുമാനിച്ചുമുള്ള ജനനീതിയുടെ പുതിയൊരു സംസ്കാരം ബജറ്റിൽ പ്രതിഫലിക്കുന്നു.

*(ബഡ്ജറ്റ് വിശദാംശങ്ങൾ ഉൾപേജിൽ)*

## പ്രകൃതിക്ഷോഭത്തിൽപ്പെട്ടവർക്ക് ആശ്വാസവും പരിരക്ഷയും

സംസ്ഥാനത്തുണ്ടായ പ്രകൃതിക്ഷോഭത്തിൽ വീടുകൾ തകർന്നുപോയവർക്കും, കൃഷിനാശം സംഭവിച്ചവർക്കുമുള്ള സഹായം വിതരണം ചെയ്തു. ഇതിനായി 13.17 കോടി രൂപ സർക്കാർ അനുവദിച്ചു. നേരത്തെ അനുവദിച്ച 11.40 കോടി രൂപയ്ക്ക് പുറമെയാണിത്.

ഓരോ ജില്ലയിലേക്കും മന്ത്രിമാരെ പ്രത്യേകം ചുമതലപ്പെടുത്തി. എം.എൽ.എ.മാർ ചെയർമാൻമാരും തഹസിൽദാർമാർ കൺവീനർമാരുമായി കമ്മിറ്റികൾ രൂപീകരിച്ചു. ഇതിനകം കമ്മിറ്റികൾ യോഗം ചേർന്നു. മന്ത്രിമാർ പങ്കെടുത്ത ജില്ലാതല യോഗങ്ങൾ രണ്ട് തവണ ചേർന്നു. രണ്ടാഴ്ചത്തെ സൗജന്യ റേഷൻ നൽകിത്തുടങ്ങി. കാലവർഷക്കെടുതിയിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം വിതരണം ചെയ്തു.

ഇപ്പോൾ സർക്കാർ നൽകിയിട്ടുള്ള 13.17 കോടി രൂപ കൃഷിനാശം സംഭവിച്ചവർക്കും വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്കുമുള്ള ധനസഹായമാണ്. ഈ തുക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ ദുരന്ത സാധ്യതാ ഭൂപടത്തിൽ ദുരന്തസാധ്യതകളുള്ള സംസ്ഥാനമായി കേരളത്തെ കണക്കാക്കിയിട്ടുള്ളതിനാൽ സമഗ്രമായ ദുരന്തസാധ്യതാ നിവാരണ നയം നടപ്പാക്കും. നയത്തിന്റെ ഭാഗമായി ദുരന്തനിവാരണ അതോറിറ്റി രൂപീകരിക്കും. പ്രകൃതിദുരന്തങ്ങൾ ഫലപ്രദമായി നേരിടുന്നതിനുള്ള പരിശീലനം പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും നൽകുന്നതിന് ദുരന്തനിവാരണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും. പ്രകൃതിക്ഷോഭങ്ങളിൽ നിന്നും തീരപ്രദേശത്തെ രക്ഷിക്കാൻ തീരദേശസംരക്ഷണ സസ്യാവരണം സ്ഥാപിക്കും. ഇതിന്റെ ഭാഗമായി കണ്ടൽക്കാടുകൾ, വിവിധയിനം മുള, ഈറ്റ തുടങ്ങിയവ വച്ചുപിടിപ്പിക്കും.

നദികളിൽ നിന്നും മണൽവാരുന്നതും കുന്നുകൾ ഇടിച്ചു നിരത്തുന്നതും വയൽ നികത്തുന്നതും കർശനമായി തടയും. വയലുകളും നദികളും ജലാശയങ്ങളും കൃഷിയിടങ്ങളും സംരക്ഷിക്കുന്നതിനായി റവന്യൂ, പോലീസ്, തദ്ദേശസ്വയംഭരണം, മൈനിംഗ് ആന്റ് ജിയോളജി വകുപ്പുകൾ ഒന്നിച്ച് പ്രവർത്തിക്കും. കേന്ദ്രസർക്കാരിന്റെ പ്രകൃതിക്ഷോഭ ആശ്വാസനിധിയുടെ പരിധിയിൽ ഇടിമിന്നൽ, കടൽക്ഷോഭം എന്നിവകൂടി ഉൾപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് റവന്യൂമന്ത്രി കെ.പി. രാജേന്ദ്രൻ പറഞ്ഞു.



മന്ത്രി കെ.പി. രാജേന്ദ്രൻ, കെ.എസ്. മനോജ് എം.പി തുടങ്ങിയവർ കടലാക്രമണ പ്രദേശത്ത്.